ശ്രീ. കെ. രാധാകൃഷ്ണൻ : എനിക്ക് വളരെ സ്നേഹവും ബഹുമാനവും ഉള്ള ആളാണ് തിരുവഞ്ചൂർ. ഞങ്ങളുടെ പേരുപോലും ഒരുപോലെയാണ്. പക്ഷെ, എല്ലാ കാര്യങ്ങളിലും ഉടക്കേ കാണൂ. ഇങ്ങനെ എല്ലാ കാര്യങ്ങളിലും ഉടക്കു കാണുന്ന സ്ഥിതി മാറ്റണം. നിങ്ങൾ തന്നെ പറയുന്നത് വിശാലമായി ചിന്തിക്കണം, മൈന്റ് സെറ്റ് മാറ്റണം എന്നൊക്കെയാണ്. ഇങ്ങനെയൊക്കെ പറയുന്ന ആളുകൾ മൈന്റ് സെറ്റൊന്നും മാറ്റുന്നില്ല.

മി. ഡെപ്യൂട്ടി സ്പീക്കർ : അങ്ങ് ഇന്ന് കൺക്ലൂഡ് ചെയ്യുന്നുണ്ടോ ?

ശ്രീ. കെ. രാധാകൃഷ്ണൻ : ഇല്ല.

മി. ഡെപ്യൂട്ടി സ്പീക്കർ : You can continue next time.

(ചർച്ച തുടരും)

(8) 2003-ലെ കേരള ലാന്റ് കമ്മീഷൻ ഏജന്റ്സ് ക്ഷേമനിധി ബിൽ

ശ്രീ. എ. കെ. മണി : സർ, 2003-ലെ കേരള ലാന്റ് കമ്മീഷൻ ഏജന്റ്സ് ക്ഷേമനിധി ബില്ലിന്റെ അവതരണാനുമതിക്കുള്ള പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

ഇൻഫർമേഷനും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എം. എം. ഹസ്സൻ): കേരള ലാന്റ് കമ്മീഷൻ ഏജന്റുമാരായി പണിയെടുക്കുന്നവർക്ക് ക്ഷേമനിധി ഏർപ്പെടുത്തുന്ന കാര്യമാണ് ബഹുമാനപ്പെട്ട മെമ്പർ ഈ ബില്ലിൽ ആവശ്യപ്പെടുന്നത്. എന്നാൽ ഈ ക്ഷേമനിധി ഏർപ്പെടുത്തേണ്ടവിധം, അതിൽ അത്രയും വ്യാപകമായി ഈ രംഗത്ത് പ്രവർത്തിക്കുന്നവരുണ്ടോ എന്നതിന് വ്യക്തമായ കണക്കുകളൊന്നും ലഭ്യമല്ല. മാത്രമല്ല, ഇത്തരം ഒരു ക്ഷേമനിധിയിൽ നിന്ന് ലഭിക്കാനിടയുള്ള നാമമാത്രമായ അംശദായം കൊണ്ട് ഒരു ക്ഷേമനിധി നടപ്പിലാക്കാൻ കഴിയുമോ എന്നുള്ള കാര്യവും സംശയമാണ്. വളരെ പരിമിതമായ പ്രയോജനമേ സിദ്ധിക്കുവെങ്കിലും ഇത്തരം പദ്ധതികൾക്ക് പ്രാരംഭ ചെലവിനായി പത്തു ലക്ഷത്തിലേറെ രൂപ വേണ്ടിവരുമെന്നാണ് കണക്കാക്കിയിരിക്കുന്നത്. ഇപ്പോൾ ക്ഷേമപദ്ധതികളൊന്നും ബാധകമായിട്ട് ഇല്ലാത്ത ഈ മേഖലയിലുള്ളവർക്ക് നിലവിലുള്ള കേരള കൈത്തൊഴിലാളി വിദഗ്ദ്ധതൊഴിലാളി ക്ഷേമപദ്ധതിയിൽ അംഗമായി അതിന്റെ പ്രയോജനം നേടാവുന്നതേയുള്ളൂ. ഈ പശ്ചാത്തലത്തിൽ ഈ ബില്ലിന് പ്രസക്തിയില്ലാത്തതുകൊണ്ട് ഞാനിതിനെ എതിർക്കുന്നു.

ശ്രീ. എ. കെ. മണി : ഇങ്ങനെ പറഞ്ഞതിൽ വളരെ ബുദ്ധിമുട്ടുണ്ട്. ഒരു ക്ഷേമനിധി ബിൽ അവതരിപ്പിച്ചപ്പോൾ പെട്ടെന്ന് അത് സ്വീകരിക്കാൻ പറ്റുകയില്ല എന്നു പറയുന്നത് മോശമായിപ്പോയി. അങ്ങയുടെ വംശനേതാവല്ലേ കാമരാജൻ നാടാർ. അദ്ദേഹം പറഞ്ഞത് പിന്നാലെ പാർക്കലാം എന്നാണ്. അങ്ങനെയെങ്കിലും പറയണ്ടേ? തീർത്തും പറ്റുകയില്ല എന്നു പറയുന്നത് ശരിയല്ല.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എം. എം. ഹസ്സൻ : ആന കൊടുത്താലും ആശ കൊടുക്കക്കൂടാത് എന്നല്ലേ ശൊല്ല്.

ശ്രീ. എ. കെ. മണി : ഇത് ആനയുമല്ല, ആശയുമല്ല. ആശ്വാസം കൊടുക്കുക. ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞത് ഈ മേഖലയിൽ സംഘടിതമായി തൊഴിലെടുക്കുന്ന ആളുകളല്ല ഉള്ളത് എന്നാണ്. ഈ മേഖലയിൽ 25,000-ത്തോളം തൊഴിലാളികളുണ്ട്. ഇത് സാധാരണ കണക്കുകളാണ്. പക്ഷെ, ഈ മേഖലയിൽ നല്ല രീതിയിൽ നോക്കിയാൽ ലക്ഷക്കണക്കിന് ആളുകളുണ്ടെന്ന് കാണാൻ സാധിക്കും. വെറും ദാരിദ്ര്യമനുഭവിക്കുന്ന വ്യക്തികളാണ്. കുടുംബപരമായി സ്ഥലം വാങ്ങിക്കലും കൊടുക്കലും ബ്രോക്കർ ബിസിനസ്സാണ്. അവസാനം ഇവർക്ക് കിട്ടുന്നത് പട്ടയും കള്ളുമാണ്. അങ്ങനെ കുടുംബം നശിക്കുകയാണ്. ഗവൺമെന്റിന്റെ അംഗീകാരമില്ലാതെ ഈ തൊഴിലാളികൾ പ്രവർത്തിക്കുന്നതുകൊണ്ടാണ് ഇങ്ങനെയുള്ള അവസ്ഥ അവർക്ക് അനുഭവിക്കേണ്ടി വരുന്നത്. ഞാൻ ഒരു തൊഴിലാളി കുടുംബത്തിൽ ജീവിച്ച് വളർന്ന തൊഴിലാളി പ്രവർത്തകനാണ്. ഇന്ന് തോട്ടം മേഖലയിൽ തൊഴിലാളികൾ വളരെയധികം ബുദ്ധിമുട്ട് അനുഭവിക്കുകയാണ്. തോട്ടങ്ങൾ ഒക്കെ വിൽക്കുകയാണ്. അതിലൂടെ തോട്ടം ഉടമകൾ ഗവൺമെന്റിനെ പറ്റിക്കുകയാണ്. പീരുമേട്ടിലെ തോട്ടം തൊഴിലാളികൾ വളരെ വേദനയിലാണ്. ഒട്ടേറെ ആശ്വാസ പ്രവർത്തനങ്ങൾ ഗവൺമെന്റ് ചെയ്തിട്ടുണ്ട്. തോട്ടം തൊഴിലാളികളുടെ കുട്ടികളെ പഠിപ്പിക്കുവാൻവേണ്ടി ഒരു കോടി രൂപയാണ് ഈ ബഡ്ജറ്റിൽ നീക്കിവച്ചിട്ടുള്ളത്. ഒരു ഗവൺമെന്റിന്റെ കാലത്തും ഉണ്ടാകാത്ത ഒന്നാണ്. തോട്ടം മേഖലയിൽ തൊഴിലാളികൾക്കുവേണ്ടി ഗവൺമെന്റ് പ്രഖ്യാപിച്ചിട്ടുള്ളത് പെരുതായി കാണാൻ പറ്റില്ല. ലോക്കൗട്ട് ചെയ്ത എസ്റ്റേറ്റുകൾ തുറക്കുവാൻ വേണ്ടിയുള്ള നടപടികൾ ഒരു ഗവൺമെന്റിന്റെ കാലത്തും ഇതുപോലെ ഉണ്ടായിട്ടില്ല. തിരിഞ്ഞു നോക്കാത്ത ഗവൺമെന്റുകളാണ്. ഫ്രീ റേഷൻ, വിദ്യാഭ്യാസം, യൂണിഫോം ഇതൊക്കെ ഇപ്പോൾ കൊടുക്കുകയാണ്. എല്ലാ സൗകര്യങ്ങളും കൊടുത്തുകൊണ്ടിരിക്കുകയാണ്. ആ സാഹചര്യത്തിൽ അടച്ചുപൂട്ടപ്പെട്ട എസ്റ്റേറ്റുകൾ തോട്ടം ഉടമകൾ കച്ചവടം ചെയ്യുകയാണ്. അങ്ങനെ ഗവൺമെന്റിനെ പൂർണ്ണമായി ചൂഷണം ചെയ്യുകയാണ്. ആ വിധ പറ്റിക്കലിൽനിന്നും ഗവൺമെന്റിന് റവന്യൂ കിട്ടാൻവേണ്ടി സഹായിക്കുന്ന ഒരു വിഭാഗമാണ് ലാന്റ് കമ്മീഷൻ ഏജൻസികൾ. അത് മനസ്സിലാക്കണം. പെരുതായി കാണാൻ ശ്രമിക്കരുത്. നമ്മുടെ സംസ്ഥാനത്ത് താരിഫ് കമ്മിറ്റിയുണ്ട്. ഈ താരിഫ് കമ്മിറ്റിയിൽ ആരൊക്കെയാണുള്ളത്? ആർ.ഡി.ഒ.-യും, തഹസിൽദാറുമാണ്. ഈ മേഖലയിൽ എവിടെയൊക്കെ ഭൂമിക്ക് വിലയുണ്ട്, വിലയില്ല എന്നത് ഇതുപോലുള്ള ഏജന്റുമാർക്കേ അറിയൂ. കളക്ടർക്കോ തഹസിൽദാർക്കോ ഇതിനെപ്പറ്റി അറിയില്ല. താരിഫ് കമ്മിറ്റിയിൽ വരേണ്ട ആളുകളാണ് ഇവരൊക്കെ. ഇവർ നിശ്ചയിക്കുന്ന വിലയാണ് വാങ്ങുന്നവരും വിൽക്കുന്നവരും കൊടുക്കുന്നത്. അല്ലാതെ ഗവൺമെന്റ് അല്ല. ഫൈനാൻഷ്യൽ കമ്മിറ്റ്മെന്റിൽ ഇടപെടുന്ന ഒരു വിഭാഗമാണ്. നമ്മുടെ സംസ്ഥാനത്തിന്റെ സാമ്പത്തികനില ഉയർത്തുവാനും റവന്യൂ കിട്ടുവാനും അതിനെ തകർക്കുവാനും ഇവരെക്കൊണ്ട് കഴിയും.

അത് മനസ്സിലാക്കാത്തതുകൊണ്ടാണ്. 25000-50000 പേർ ഉണ്ടെങ്കിൽ മതി. ഭൂമിയിൽനിന്ന് കിട്ടുന്നത് റവന്യൂ വരുമാനമാണ്. അല്ലാതെ ഈ സംസ്ഥാനത്ത് വേറെ റവന്യൂ ഉണ്ടോ? റവന്യൂവിൽനിന്നും രക്ഷപ്പെടാൻവേണ്ടി ഗവൺമെന്റിനെ കബളിപ്പിക്കുന്ന ആൾക്കാരെ പിടിച്ച് അവരിൽനിന്നും പണം ഈടാക്കി ഗവൺമെന്റ് ഖജനാവിലേക്ക് കൊണ്ടുചേർക്കുന്ന ഒരു പണിയാണ് ഈ ഏജന്റുമാർ ചെയ്തുകൊണ്ടിരിക്കുന്നത്. ഇവരുടെ ക്ഷേമനിധിയെപ്പറ്റി ആലോചിക്കുന്നതിന് ഗവൺമെന്റിന് പറ്റില്ല എന്നുപറയുമ്പോൾ എനിക്ക് സങ്കടം തോന്നുന്നു. ഇവർ തൊഴിലാളികളാണ്. ഇവിടെ ഏതൊക്കെ ലേബറേഴ്സിനുവേണ്ടി ക്ഷേമനിധി കൊടുക്കുന്നുണ്ട്. തയ്യൽത്തൊഴിലാളി, ബീഡിത്തൊഴിലാളി, അലക്കുതൊഴിലാളി, അതുപോലെ ഇവരേയും തൊഴിലാളികളായിട്ടാണ് കണക്കാക്കേണ്ടത്. ബഹുമാനപ്പെട്ട ലേബർ മിനിസ്റ്റർ അത് കാര്യമായി ശ്രദ്ധിക്കേണ്ടതാണ്. ഇവർ ലേബറേഴ്സാണ്. ഇവർ മുതലാളിമാരല്ല. ഇവർ ബ്രോക്കേഴ്സല്ല. ഇവർ ദിവസവും ചെയ്യുന്ന ജോലിക്കുവേണ്ടി കൂലി കിട്ടണമെന്നതാണ്. ആ കൂലിയിൽനിന്നും ഒരു സംഖ്യ ഗവൺമെന്റിലേക്ക് എടുക്കുമ്പോൾ സ്ഥലം വാങ്ങുന്ന ആൾക്കാരും കൊടുക്കുന്ന ആൾക്കാരും ഗവൺമെന്റ് നിശ്ചയിക്കുന്ന സംഖ്യ ഇവർക്കുവേണ്ടി ക്ഷേമനിധിയിൽ ചേർക്കുകയാണെങ്കിൽ അവരുടെ ജോലി സുരക്ഷിതമാണ്. അവർ സംരക്ഷിക്കപ്പെടുകയാണ്. ആ കുടുംബങ്ങൾ മുഴുവൻ ഇന്ന് പട്ടിണിയിലാണ്. അതിൽനിന്നും മാത്രം വരുമാനം കിട്ടിക്കൊണ്ടിരിക്കുന്നവർക്ക് എന്തെങ്കിലും അപകടം സംഭവിച്ചുപോയാൽ ക്ഷേമനിധി ഇല്ലാത്തതുകൊണ്ട് വളരെയേറെ ബുദ്ധിമുട്ടേണ്ടിവരും.

<u>ശ്രീ. എ. കെ. ബാലൻ</u> : ഭൂമി വിൽക്കുന്ന ആൾക്കാരിൽനിന്നും ഭൂമി വാങ്ങുന്ന ആൾക്കാരിൽനിന്നും ഒരു നിശ്ചിത ശതമാനം കമ്മീഷൻ റിയൽ എസ്റ്റേറ്റ് ഏജന്റുമാർ വാങ്ങിയാൽ ഈ പ്രശ്നം പരിഹരിക്കുവാൻ പറ്റില്ലല്ലോ?

<u>ശ്രീ. എ. കെ. മണി</u> : അത് ക്ഷേമനിധിയിൽ ഉണ്ടാവണം. ബില്ലിലുള്ള ചെറിയ മിസ്റ്റേക്ക് റാറ്റിഫൈ ചെയ്യാവുന്നതേയുള്ളൂ. പക്ഷേ ശ്രീ. എ. കെ. ബാലൻ പറഞ്ഞതുപോലെ വിൽക്കുന്ന ആൾക്കാരിൽനിന്നും വാങ്ങുന്ന ആൾക്കാരിൽനിന്നും സംഖ്യ പിരിച്ചെടുത്താൽ മതി. ഗവൺമെന്റിന് യാതൊരു കമ്മിറ്റ്മെന്റുമില്ല. ഗവൺമെന്റിന് ലാഭം ഉണ്ടാക്കുന്നതാണ്. ഗവൺമെന്റിന് നല്ലൊരു വരുമാനം ഉണ്ടാക്കിക്കൊടുക്കുന്നതാണ്. ഒരു ലക്ഷം രൂപയ്ക്ക് സ്ഥലം വിൽക്കുകയാണെങ്കിൽ ഒരു നിശ്ചിത ശതമാനം അവർക്ക് കമ്മീഷൻ കൊടുക്കേണ്ടതല്ലേ? പത്ത് ലക്ഷം രൂപയ്ക്ക് വിൽക്കേണ്ട ഒരു സ്ഥലം കൊടുക്കുന്നവരും വാങ്ങുന്നവരും തമ്മിൽ അഡ്ജസ്റ്റ് ചെയ്താൽ ചിലപ്പോൾ ഗവൺമെന്റിന് കിട്ടുന്ന വരുമാനം കുറയും. ആ ഏജന്റുമാർ ഇടയ്ക്ക് നിൽക്കുകയാണെങ്കിൽ അവർക്ക് അറിയാം എന്ത് വില കിട്ടുമെന്നത്.

<u>മി. ഡെപ്യൂട്ടി സ്പീക്കർ</u> : അയാളുംകൂടെ കൂട്ടുനിന്നാൽ?

<u>ശ്രീ. എ. കെ. മണി</u> : അയാൾക്ക് കൂട്ടുനിൽക്കുവാൻ പറ്റില്ല. അയാൾക്ക് കമ്മീഷൻ കൊടുക്കുകയല്ലേ?

LIBRARY ARCHIVES Kerala Legislative Assembly

മി. ഡെപ്യൂട്ടി സ്പീക്കർ : അങ്ങനെയാണല്ലോ ഇപ്പോൾ ചെയ്യുന്നത്.

ശ്രീ. എ. കെ. മണി : അല്ല. അത് തെറ്റാണ്. അയാളെ നമ്മൾ അംഗീകരിക്കാത്തതു കൊണ്ടാണ്. അവർ തോന്നിയതുപോലെ ചെയ്യുന്നത്. ഗവൺമെന്റ് അംഗീകരിക്കുകയാണെങ്കിൽ ഒരു സ്ഥലത്തിന് ഇത്ര ശതമാനം കമ്മീഷൻ ഉണ്ടാകണമെന്നത് ഗവൺമെന്റ് തീരുമാനം എടുക്കുകയാണെങ്കിൽ ആ കമ്മീഷൻ കിട്ടാൻ വേണ്ടി അയാൾ പണി എടുക്കും. പത്ത് ലക്ഷം രൂപയ്ക്ക് കച്ചവടം ചെയ്യേണ്ട സ്ഥലംപോലും സ്റ്റാമ്പ് ഡ്യൂട്ടി കുറച്ചുകൊണ്ടാണ് കച്ചവടം നടത്തുക. താരിഫ് കമ്മിറ്റിയിൽ ഇവരെ ഉൾപ്പെടുത്തേണ്ടതാണ്. അങ്ങനെയാണെങ്കിൽ അവർക്ക് കിട്ടേണ്ട കമ്മീഷന് വേണ്ടി അവർ പണി ചെയ്ത് കച്ചവടം നടക്കുമ്പോൾ കിട്ടുന്ന സംഖ്യ ഗവൺമെന്റിലേക്കാണ് പോകുന്നത്.

ശ്രീ. പി. ജയരാജൻ : കമ്മീഷൻ ഏജന്റുമാരുടെ കാര്യം പറയുമ്പോൾ, കമ്മീഷൻ എന്നുപറയുന്നത് നിയമപ്രകാരമല്ലല്ലോ? തോന്നിയപോലെ കമ്മീഷൻ വാങ്ങുന്ന ഏജന്റുമാരും ഈ സംസ്ഥാനത്തുണ്ട് എന്ന യാഥാർത്ഥ്യംകൂടി അങ്ങ് അംഗീകരിക്കുമോ?

ശ്രീ. എ. കെ. മണി : അങ്ങ് പറഞ്ഞത് അംഗീകരിക്കുന്നു. അത് വേണ്ട എന്നതാണ് എന്റെ അഭിപ്രായം. ഇപ്പോൾ തോന്നിയതുപോലെയാണ്.

മി. ഡെപ്യൂട്ടി സ്പീക്കർ : അങ്ങയുടെ സമയം കഴിഞ്ഞു. (You can continue next time)

ശ്രീ. എ. കെ. മണി : അത് ശരിയല്ല എന്നതാണ് എന്റെ അഭിപ്രായം. തോന്നിയ ഏർപ്പാട് വേണ്ട. ഗവൺമെന്റ് അവരെ അംഗീകരിക്കുകയും ഗവൺമെന്റ് നിശ്ചയിച്ചിട്ടുള്ള ആ സംഖ്യ മാത്രം വാങ്ങാൻവേണ്ടി അനുമതി ഉണ്ടാകുകയും വേണം. നമ്മുടെ രാജ്യത്തിന്റെ സമ്പദ്ഘടനയെ സംരക്ഷിക്കുവാൻവേണ്ടി ഗവൺമെന്റ് ഉദ്യോഗസ്ഥരെക്കാളും റവന്യൂ ഉദ്യോഗസ്ഥരെക്കാളും ഇവരെക്കൊണ്ട് കഴിയുമെന്നതാണ് എന്റെ അഭിപ്രായം.

(ചർച്ച തുടരും)

(9) 2003-ലെ കേരള കർഷക പരിരക്ഷാ കോൺട്രിബ്യൂട്ടറി (പെൻഷൻ ഫണ്ട്) ബിൽ

ശ്രീ. തോമസ് ഉണ്ണിയാടൻ: സർ, 2003-ലെ കേരള കർഷക പരിരക്ഷാ കോൺട്രിബ്യൂട്ടറി (പെൻഷൻ ഫണ്ട്) ബില്ലിന്റെ അവതരണാനുമതിക്കുള്ള പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. സി. ടി. അഹമ്മദ് അലി : സർ, പ്രമേയത്തെ പിന്താങ്ങുന്നു.

ഇൻഫർമേഷനും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എം. എം. ഹസ്സൻ) : സർ, സംസ്ഥാനത്തെ കർഷകരെ ആകമാനം അവരുടെ വരുമാനത്തിന്റെ അടിസ്ഥാനത്തിൽ വിവിധ വിഭാഗങ്ങളായി തിരിച്ച് അവർക്ക് താങ്ങാവുന്ന നിരക്കിലുള്ള കോൺട്രിബ്യൂഷൻ സ്വീകരിച്ചുകൊണ്ട് ഒരു പെൻഷൻഫണ്ട് രൂപീകരിക്കുക എന്നതാണ്

LIBRARY ARCHIVES Kerala Legislative Assembly